പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1275 | 11.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## നിയമസഭാ മണ്ഡലങ്ങളിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ) ബി) | സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന 60 ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ നിയമസഭാമണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് മൊത്തം ഭക്ഷ്യസുരക്ഷാ ഓഫീസുകളുടെ എണ്ണം 140 ആയി ഉയർത്തിയിട്ടുണ്ട്. അധികമായി സൃഷ്ടിച്ച 80 ഫുഡ്സേഫ്റ്റി ഓഫീസുകളിലേക്കാവശ്യമായ ഫുഡ്സേഫ്റ്റി ഓഫീസർ, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഇതിനകം തന്നെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് 140 നിയമസഭാമണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ പൂർണ്ണ പ്രവർത്തനസജ്ജമാകുന്നതാണ്. ഓരോ സർക്കിൾ ഓഫീസിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്ന ക്രമത്തിൽ 140 നിയമസഭാ മണ്ഡലങ്ങളിലും ജീവനക്കാർ ആവശ്യമായിട്ടുണ്ട്. നിലവിലുള്ള 60 സർക്കിൾ ഓഫീസുകളിൽ അനുവദനീയമായ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലർക്ക്, ഒരു അറ്റൻഡന്റ് എന്നീ ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. അധികമായി സൃഷ്ടിച്ച 80 സർക്കിൾ ഓഫീസുകളിലേക്കടക്കം 99 ക്ലർക്കിന്റെയും 30 ഓഫീസ് അറ്റൻഡന്റിന്റെയും 5 ഫുഡ്സേഫ്റ്റി ഓഫീസർമാരുടേയും തസ്തികകൾ ജി.ഒ (എം.എസ്) നമ്പർ 26/2016 /ആകുവ തീയതി 1/02/16 പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. 57 ഫുഡ് സേഫ്റ്റി |
| ബി) | പ്രസ്തുത വിഭാഗത്തിൽ ഓരോ ഓഫീസിലും എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും വകുപ്പിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഓഫീസർ തസ്തികകൾ ജി.ഒ (എം. എസ്) 24/2013/ ആകവ തീയതി 02/02/2013 പ്രകാരം നേരത്തെ തന്നെ അനുവദിച്ചിട്ടുണ്ട്. മുഴുവൻ ഓഫീസുകളിലേയ്ക്കും ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| സി) | പേരാമ്പ്ര മണ്ഡലത്തിലെ ഓഫീസിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർക്ക് വേറെ ഏതൊക്കെ മണ്ഡലങ്ങളിലെ ഓഫീസ് ചാർജ്ജുണ്ടെന്നും വ്യക്തമാക്കുമോ; | സി) & ഡി) | പേരാമ്പ്ര മണ്ഡലത്തിലെ ഓഫീസിൽ ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുഡ് സേഫ്റ്റി ഓഫീസർ എന്നീ തസ്തികകളിൽ ജീവനക്കാർ പ്രവർത്തിക്കുന്നു. കൂടാതെ ഈ ഓഫീസിലെ ഫുഡ് സേഫ്റ്റി ഓഫീസർക്ക് കൊയിലാണ്ടി ബാലുശ്ശേരി എന്നി സർക്കിളുകളുടെ അധിക ചുമതല നല്കിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനായി 80 ഒഴിവുകൾ ഇതിനകം തന്നെ പി.എസ്. സി യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളതും റിക്രൂട്ട്മെന്റ് നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയുമാണ്. |
| ഡി) | പ്രസ്തുത വിഭാഗത്തിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.